KANNUR UNIVERSITY
കണ്ണൂർ സർവകലാശാല

**(ഡി ഒ എ )**

ഡി ഒ എ /A3/289/2026 തീയതി: 29.06.2026

**<u>പ്രസിദ്ധീകരണത്തിന്</u>**

**<u>പി.ജി. രണ്ടാം അലോട്ട്മെന്റ് നിർദ്ദേശങ്ങൾ</u>**

അഫിലിയേറ്റഡ് കോളേജുകളിലേക്കുള്ള 2026-27 അധ്യയനവർഷത്തെ ബിരുദാനന്തര ബിരുദപ്രവേശനത്തിൻറെ രണ്ടാം അലോട്ട്മെന്റ് സർവകലാശാല വെബ്സൈറ്റിൽ (https://admission.kannuruniversity.ac.in/) പ്രസിദ്ധീകരിച്ചു. അപേക്ഷകർ തങ്ങളുടെ പ്രൊഫൈൽ ലോഗിൻ ചെയ്ത് അലോട്ട്മെന്റ് പരിശോധിക്കേണ്ടതാണ്.

**<u>ഫീസ് അടക്കണം</u>**

ഒന്നാം അലോട്ട്മെന്റിൽ, അലോട്ട്മെന്റ് ലഭിച്ച വിദ്യാർഥികൾ ഹയർ ഓപ്ഷൻ ലഭിച്ചാൽ വീണ്ടും ഫീസ് അടയ്ക്കേണ്ടതില്ല. ആദ്യമായി (First time) അലോട്ട്മെന്റ് ലഭിച്ച വിദ്യാർത്ഥികൾ അഡ്മിഷൻ ഫീസ് 30.06.2026 തീയ്യതിക്കകം SBI- Epay വഴി നിർബന്ധമായും അടയ്ക്കേണ്ടതാണ്. ഒന്ന്, രണ്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ രണ്ടാം അലോട്ട്മെന്റിനുശേഷം അതാത് കോളേജുകളിൽ പ്രവേശനം നേടേണ്ടതാണ്. അല്ലാത്തപക്ഷം അലോട്ട്മെന്റ് നഷ്ടമാവുകയും തുടർന്നുള്ള അലോട്ട്മെന്റ് പ്രക്രിയയിൽ നിന്ന് പുറത്താവുകയും ചെയ്യും.

അഡ്മിഷൻ ഫീസ് ജനറൽ വിഭാഗത്തിന് 1035/- രൂപയും എസ്.സി/എസ്.ടി/പി. വിഭാഗത്തിന് 960/- രൂപയുമാണ്.

അലോട്ട്മെന്റ് ലഭിച്ചവർ Pay Fees ബട്ടൺ ക്ലിക്ക് ചെയ്താണ് ഫീസ് അടയ്ക്കേണ്ടത്. ഫീസ് അടച്ചവർ ലോഗിൻ ചെയ്ത് ഫീസ് അടച്ച വിവരങ്ങൾ അവരുടെ പ്രൊഫൈലിൽ വന്നിട്ടുണ്ട് എന്ന് ഉറപ്പു വരുത്തേണ്ടതാണ്. അഡ്മിഷൻ ഫീസ് SBI ePay വഴി ഒടുക്കാത്ത അപേക്ഷകരുടെ അലോട്ട്മെന്റ് റദ്ദാക്കുന്നതാണ്.

കണ്ണൂർ സർവകലാശാലയുടെ കീഴിലുള്ള കോളേജുകളിൽ യോഗ്യതാ ബിരുദം നേടിയ വിദ്യാർഥികൾ, കണ്ണൂർ സർവകലാശാലയുടെ തന്നെ മറ്റ് പ്രോഗ്രാമുകൾ പൂർത്തിയാക്കി വരുന്നവരുമൊഴികെയുള്ളവർ പ്രവേശനം അവസാനിക്കുന്ന തീയ്യതിക്ക് മുമ്പായി (24.07.2026) മട്രിക്കുലേഷൻ ഫീസും(215/-) റെക്കഗ്നിഷൻ ഫീസും(215/-) നിർബന്ധമായും അടക്കേണ്ടതാണ്.

**<u>ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാം</u>**

ഇപ്പോൾ ലഭിച്ച അലോട്ട്മെൻറിൽ തൃപ്തരാണെങ്കിൽ ഹയർ ഓപ്ഷൻ റദ്ദ് ചെയ്യാവുന്നതാണ്. ഹയർ ഓപ്ഷൻ നിലനിർത്തുകയാണെങ്കിൽ അത് അടുത്ത അലോട്ട്മെൻറിൽ പരിഗണിക്കുന്നതും അടുത്ത അലോട്ട്മെൻറിൽ ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ നിർബന്ധമായും ആ ഓപ്ഷൻ സ്വീകരിക്കേണ്ടതായും വരും.

**<u>കോളേജ് പ്രവേശനം</u>**

ഒന്ന്, രണ്ട് അലോട്ട്മെന്റുകളിൽ അലോട്ട്മെന്റ് ലഭിക്കുന്ന വിദ്യാർത്ഥികൾ രണ്ടാം അലോട്ട്മെന്റിനുശേഷം അതാത് കോളേജുകളിൽ അഡ്മിഷനു വേണ്ടി 01.07.2026, 02.07.2026 തീയതികളിൽ ഹാജരാകേണ്ടതാണ്. അഡ്മിഷൻ ലഭിക്കുന്നതിനായി ഹാജരാക്കുന്നതിനുള്ള അലോട്ട്മെന്റ് മെമ്മോ, രണ്ടാം അലോട്ട്മെന്റിനു ശേഷം വെബ്സൈറ്റിൽ നിന്നും ലഭ്യമാകുന്നതാണ്. അലോട്ട്മെന്റ് മെമ്മോയോടൊപ്പം താഴെക്കൊടുത്തിരിക്കുന്ന രേഖകളും പ്രവേശനസമയത്ത് അതാത്

Press Release(Malayalam) of File DOA/A3/289/2026 Approved by Director Directorate of admission on 29-Jun-2026 02:33 PM - Page 1

കോളജുകളിൽ ഹാജരാക്കേണ്ടതാണ്.

1. ഓൺലൈൻ അപേക്ഷയുടെ പ്രിന്റൗട്ട്
2. രജിസ്ട്രേഷൻ ഫീസ്, സർവ്വകലാശാല ഫീസ്, എന്നിവ ഓൺലൈനായി അടച്ച രസീതിന്റെ പ്രിന്റൗട്ട്
3. യോഗ്യതാ പരീക്ഷയുടെ അസ്സൽ മാർക്ക് ലിസ്റ്റ് & പ്രൊവിഷണൽ/ഡിഗ്രീ സർട്ടിഫിക്കറ്റ്
4. ജനനതീയ്യതി തെളിയിക്കുന്ന സർട്ടിഫിക്കറ്റ്
5. വിടുതൽ സർട്ടിഫിക്കറ്റ് (TC)
6. കോഴ്സ്/ കോണ്ടക്ട് സർട്ടിഫിക്കറ്റ്
7. അസ്സൽ കമ്മ്യൂണിറ്റി സർട്ടിഫിക്കറ്റ് (SC/ST വിഭാഗക്കാർക്ക്)
8. EWS സർട്ടിഫിക്കറ്റ് (ബാധകമായവർക്ക്)
9. അസ്സൽ നോൺക്രീമിലെയർ സർട്ടിഫിക്കറ്റ് (എസ്.ഇ.ബി.സി വിഭാഗങ്ങൾക്ക്)
10. കേരളത്തിന് പുറത്തുള്ള സർവകലാശാലകളിൽ നിന്നും വിദൂര വിദ്യാഭ്യാസം വഴി യോഗ്യതാ കോഴ്സ് പൂർത്തിയാക്കിയവരും വ്യത്യസ്ത നാമകരണത്തിൽ ബിരുദം പൂർത്തിയായവരും കണ്ണൂർ സർവ്വകലാശാലയുടെ Equivalency Certificate ഹാജരാക്കേണ്ടതാണ്. ഏതെങ്കിലും ബിരുദമാണ് യോഗ്യത എങ്കിൽ കണ്ണൂർ സർവ്വകലാശാലയുടെ Recognition Certificate മതിയാകും.
11. അപേക്ഷയിൽ കൊടുത്തിരിക്കുന്ന മറ്റ് ആനുകൂല്യങ്ങൾ തെളിയിക്കുന്നതിനുള്ള സർട്ടിഫിക്കറ്റ്

**താത്കാലിക പ്രവേശനം**

ഹയർ ഓപ്ഷൻ നിലനിർത്തുന്നവർക്ക് ആവശ്യമെങ്കിൽ താത്ക്കാലിക പ്രവേശനം നേടാവുന്നതാണ്. ഇതിനായി അവർ സർട്ടിഫിക്കറ്റുകളെല്ലാം ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ ഹാജരാക്കി പ്രവേശനം ഉറപ്പുവരുത്തേണ്ടതാണ്. ഇത്തരം വിദ്യാർത്ഥികൾ കോളേജിലെ ഫീസുകൾ അടക്കേണ്ടതില്ല. അടുത്ത അലോട്ട്മെന്റുകളിൽ ഈ വിദ്യാർത്ഥികൾക്ക് ഹയർ ഓപ്ഷൻ ലഭിക്കുകയാണെങ്കിൽ ഇപ്പോൾ അലോട്ട്മെന്റ് ലഭിച്ച കോളേജിൽ നിന്നും സർട്ടിഫിക്കറ്റുകൾ തിരിച്ചുവാങ്ങി പുതുതായി അലോട്ട്മെന്റ് ലഭിച്ച കോളേജിൽ പ്രവേശനം നേടാവുന്നതാണ്. താത്ക്കാലിക പ്രവേശനം നേടിയ വിദ്യാർത്ഥികളുടെ വിവരങ്ങൾ കോളേജുകൾ പ്രത്യേകം രജിസ്റ്ററിൽ രേഖപ്പെടുത്തേണ്ടതാണ്. ഹയർ ഓപ്ഷൻ നിലവിലില്ലാത്ത എല്ലാ വിദ്യാർത്ഥികളും മുഴുവൻ ഫീസ് അടച്ച് അന്നു തന്നെ സ്ഥിരം പ്രവേശനം നേടേണ്ടതാണ്

മൂന്നാം അലോട്ട്മെൻറ് : 08.07.2026

**ഫീസടച്ച വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഔട്ട്**

ഓൺലൈൻ രജിസ്റ്റർ ചെയ്ത എല്ലാ വിദ്യാർത്ഥികളും ഫീസടച്ചതിന്റെ വിവരങ്ങൾ അടങ്ങിയ പ്രിന്റ് ഔട്ട് കൈവശം സൂക്ഷിക്കേണ്ടതാണ്. അഡ്മിഷൻ സമയത്ത് നിർബന്ധമായും കോളേജിൽ ഹാജരാക്കേണ്ടതാണ്.

കൂടുതൽ വിവരങ്ങൾക്ക് https://admission.kannuruniversity.ac.in/ എന്ന വെബ്സൈറ്റ് സന്ദർശിക്കുക

Help Line Numbers: 04972766388, 7356948230 E-mail id: pgdoa@kannuruniv.ac.in.

ഒപ്പ്/-
ഡയറക്ടർ ഡയറക്ടറേറ്റ് ഓഫ്
അഡ്മിഷൻ
രജിസ്ട്രാർക്ക് വേണ്ടി

സ്വീകർത്താവ്:

1. PRO
2. Web Manager
3. IT Cell
4. Enquiry

Press Release(Malayalam) of File DOA/A3/289/2026 Approved by Director Directorate of admission on 29-Jun-2026 02:33 PM - Page 2

വിതരണാനുമതിയോടെ

സെക്ഷൻ ഓഫീസർ

Press Release(Malayalam) of File DOA/A3/289/2026 Approved by Director Directorate of admission on 29-Jun-2026 02:33 PM - Page 3